"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ- ഓർഡിനേഷൻ കമ്മിറ്റിയുടെ 18/12/2021-ലെ തീരുമാനം നമ്പർ 4.49 - ന്മേൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1988/2022/LSGD തീയതി,തിരുവനന്തപുരം, 17-08-2022

പരാമർശം:-
1. പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28/09/2021-ലെ സി4-123/21നമ്പർ കത്ത്
2 എറണാകുളം ജില്ലാ കളക്ടറുടെ 12/10/21-ലെ 90674/21/ഡി.പി.സ്സ/ഡി.പി.ഒ/ഇ.കെ.എം/സിസി/414 നമ്പർ കത്ത്
2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 18/12/2021-ലെ തീരുമാനം നമ്പർ 4.49.

**ഉത്തരവ്**

2017-18-ൽ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിന്റെ മുകളിൽ 30 കിലോ വാട്ട് സോളാർ ഓൺ ഗ്രിഡ് പവർ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി ഏറ്റെടുത്തിരുന്നു. ഇതിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് 25,00,000/- രൂപയും (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) തനത് ഫണ്ട് 1,40,000/- രൂപയും (ഒരുലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) ചേർത്ത് 26,40,000/- രൂപ ( ഇരുപത്തിയാറ് ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) അനർട്ടിൽ ഡെപ്പോസിറ്റ് ചെയ്തു പദ്ധതി പൂർത്തിയാക്കി. 17,91,085/- രൂപ (പതിനേഴ് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി എൺപത്തിയഞ്ച് രൂപ മാത്രം) ചെലവായതിൽ ബാക്കി തുകയായ 8,48,915/- രൂപ (എട്ട് ലക്ഷത്തി നാൽപത്തിയെണ്ണായിരത്തി തൊള്ളായിരത്തി പതിനഞ്ച് രൂപ മാത്രം) 20/02/2020-ന് പഞ്ചായത്തിന് തിരികെ നൽകി. ഇതിൽ നേരത്തെ അടച്ചതിൽ തനത് ഫണ്ട് വിഹിതമായ 1,40,000/- രൂപ (ഒരു ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) തനത് ഫണ്ടിൽ വരവ് വച്ച് ബാക്കി തുകയായ 7,08,915/- രൂപ (ഏഴ് ലക്ഷത്തി എണ്ണായിരത്തി തൊള്ളായിരത്തി പതിനഞ്ച് രൂപ മാത്രം), പഞ്ചായത്ത് ഈ വർഷം എടുത്തിരിക്കുന്ന ഫാമിലി വെൽനസ്സ് സെന്റർ കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാൻ അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിച്ചിരുന്നു. ആയത് പരാമർശം (2) പ്രകാരം എറണാകുളം ജില്ലാകളക്ടർ ശിപാർശയും ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3)-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനെർട്ട് മുഖേന നടപ്പിലാക്കിയ സോളാർ ഓൺഗ്രിഡ് പവർ പ്ലാന്റ് പ്രോജക്ടിൽ, പദ്ധതി നിർവ്വഹണത്തിന് ശേഷം അവശേഷിക്കുന്ന ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയായ

7,08,915/- രൂപ (ഏഴ് ലക്ഷത്തി എണ്ണായിരത്തി തൊള്ളായിരത്തി പതിനഞ്ച് രൂപ മാത്രം), വിനിയോഗിച്ച് പഞ്ചായത്തിൽ ഫാമിലി വെൽനസ്സ് സെന്റർ ആരംഭിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്),കേരള തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്. ഐ & പി.ആർ.ഡി
ധനകാര്യ വകുപ്പ് (SFC-A3/25/2022- FIN പ്രകാരം)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Reenamma P A**
**Date: 17-08-2022 15:08:59**
സെക്ഷൻ ഓഫീസർ